# **JOINING TIME** (KSR PART I)

| Distance | same office/bldgs. | Other offices |
|---|---|---|
| Up to 8 km. | NIL | One day (including sundays & holidays) |
| More than 8 km | — | 6 Day's preparation time+Journey time (excluding sundays) |

**Assessing Journey time**

| Rail Distance | Journey time | Road distance | Journey time |
|---|---|---|---|
| Upto 500 km or part there of | 1 Day | Upto 150 km or part there of | 1 Day |

For foot (or cart/boat) journey – 1 day for every 25 km distance or part there of.

**Other conditions**

1. Sunday only will be excluded and all other holidays will be included while assessing joining time
2. In any case, joining time should not exceed 30 days (including Sundays)

# പ്രവേശനകാലം (Joining Time)

1) ഒരു കെട്ടിടത്തിലെ ഓഫീസിൽ നിന്ന് അതേ കെട്ടിടത്തിലെ മറ്റൊരു ഓഫീസിലേക്കോ, അതേ ഓഫീസിലേക്കോ ആണ് സ്ഥലമാറ്റമെങ്കിൽ പ്രവേശനകാലം ( Joining time. ) ലഭിക്കില്ല
(ഉദാ: എക്സൈസ് കോംപ്ലക്സിലുള്ള ഓഫീസ് )

2) 08 കിലോമീറ്ററിനുള്ളിലുള്ള സ്ഥലമാറ്റത്തിന് - ഒരു ദിവസം Joining time.

3) 08 കി.മി. പുറത്തുള്ള സ്ഥലമാറ്റത്തിന് - 6 ദിവസം Preparation time + Journey time ലഭിക്കും.
(Journey time- For rail - every 500 KM - 1 day and its fraction I day. റോഡ് മാർഗ്ഗം - ഓരോ 150 കി.മി. അതിന്റെ fraction നും ഓരോ ദിവസം വീതം.)

4) ഞായറാഴ്ച Joining time കണക്കുകൂട്ടുന്നതിൽ നിന്ന് ഒഴിവാക്കും. (എന്നാൽ 8 കി.മി. ഉള്ളിലുള്ള സ്ഥലമാറ്റത്തിന് ഞായറാഴ്ച / പൊതു അവധി ഒരു ദിവസമായി കണക്കാക്കും)

5) Joining time കഴിഞ്ഞ് Public holiday വരുകയാണെങ്കിൽ അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ചാൽ മതി.
(ഉദാ: ക്രമ. നമ്പർ 4, 5 അനുസരിച്ച് 8 KM പുറത്തുള്ള സ്ഥലമാറ്റം - 19/07/2019 വെള്ളി AN റിലീവ് ചെയ്താൽ 29/07/2019 തിങ്കളാഴ്ച FN ന് join ചെയ്യണം. 20/07/2019 ശനി AN റിലീവ് ചെയ്താൽ 30/07/2019 ചൊവ്വ Join ചെയ്യണം.)

6) On request ലാണ് സ്ഥലമാറ്റമെങ്കിൽ Joining time not allowed. Journy time ലഭിക്കും.

7) Joining time ൽ അവധിയിൽ പ്രവേശിച്ചാൽ relieve തീയതി മുതൽ അവധിയായി കണക്കാക്കും. അവധി തീരുന്നതിന്റെ അടുത്ത ദിവസം മുതൽ Joining time പരിഗണിക്കുകയുള്ളു.

8) സ്ഥലമാറ്റം അറിഞ്ഞ ശേഷം അവധിയിൽ പ്രവേശിച്ചാൽ പുതിയ ആൾ വന്ന് ജോലിയിൽ പ്രവേശിക്കുംപോൾ അവധിയിലുള്ളയാൾ റിലീവ് ആകുന്നു. അനുവദിച്ച അവധിക്കുശേഷം പുതിയ സ്ഥലത്ത് ജോലിയിൽ പ്രവേശിക്കണ്ടതാണ്. Joining time ഇല്ല.

9 ) സ്ഥലം മാറ്റുന്ന അധികാരിക്ക് പ്രത്യേക സാഹചര്യത്തിൽ Joining time ൽ കുറവ് വരുത്താവുന്നതാണ്. അത്തരം സന്ദർഭത്തിൽ സ്ഥലമാറ്റ ഉത്തരവിൽ സാധാരണ സൂചിപ്പിക്കുന്നതാണ്.

കേരള സർക്കാർ

ധനകാര്യ (റൂൾസ് എ) വകുപ്പ്

നം.72/2019/ധന.

ധന (റൂൾസ് എ) വകുപ്പ്
തിരുവനന്തപുരം,
തീയതി, 08/08/2019.

## സർക്കുലർ

വിഷയം: കേരള സർവീസ് ചട്ടങ്ങൾ-പൊതു സ്ഥലംമാറ്റത്തിന് പ്രവേശനകാലം അനുവദിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന: 1. സ.ഉ (പി) നം.3/2017/ഉ.ഭ.പ.വ. തീയതി 25.02.2017
2. സർക്കുലർ നമ്പർ 62/91/ധന തീയതി 22.11.91

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം പൊതു സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മൂന്നു സ്ഥലങ്ങൾ ഓപ്റ്റ് ചെയ്യുന്നതിന് ജീവനക്കാർക്ക് അവസരം നൽകിയിട്ടുണ്ട്. സൂചന 2 ലെ സർക്കുലർ അനുസരിച്ച് സ്വന്തം അപേക്ഷ പ്രകാരം സ്ഥലം മാറ്റം ലഭിക്കുന്ന ജീവനക്കാർക്ക് കെ.എസ്.ആർ ഭാഗം 1, ചട്ടം 127 പ്രകാരമുള്ള പ്രവേശനകാലത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല എന്നും യഥാർത്ഥ യാത്രാ സമയത്തിന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളുവെന്നും സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു സ്ഥലം മാറ്റത്തിന്റെ മാർഗ നിർദ്ദേശങ്ങൾ പ്രകാരം ജീവനക്കാരൻ സമർപ്പിക്കുന്ന ഓപ്ഷനനുസരിച്ച് ലഭിക്കുന്ന സ്ഥലം മാറ്റത്തിന് പ്രവേശനകാലം അനുവദനീയമാണോ എന്ന ഒരു സംശയം ഉന്നയിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പൊതു സ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ജീവനക്കാരൻ സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന സ്ഥലം മാറ്റത്തിന് കെ.എസ്.ആർ.ഭാഗം 1, ചട്ടം 127 പ്രകാരം അനുവദനീയമായ

Scanned by CamScanner

പ്രവേശനകാലത്തിന് അർഹതയുണ്ടായിരിക്കുമെന്ന് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

3. മറിച്ച് തീർപ്പാക്കിയ മുൻകാല കേസുകൾ പുനഃപരിശോധിക്കുന്നതല്ല

**സൻജീവ് കൗശിക് ഐ. എ.എസ്**
പ്രിൻസിപ്പൽ സെക്രട്ടറി
(ധനകാര്യ എക്സ്പെൻഡിച്ചർ)

പകർപ്പ്:

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഇ& ആർ.എസ് എ), കേരള, തിരുവനന്തപുരം.
4. സംസ്ഥാനത്തെ മുഴുവൻ വകുപ്പ് മേധാവികൾക്കും.
5. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
6. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
7. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.
8. രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും.
9. ബഹു.ഗവർണറുടെ സെക്രട്ടറി.
10. ബഹു.മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
11. പ്രതിപക്ഷ നേതാവിന്റെയും ഗവൺമെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർ.
12. ബഹു.സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
13. പ്രിൻസിപ്പൽ സെക്രട്ടറി,/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി.
14. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാർ.
15. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
16. ഡയറക്ടർ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
17. വെബ് ആൻഡ് ന്യൂ മീഡിയ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
18. നോഡൽ ഓഫീസർ www.finance.kerala.gov.in
19. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ ഫയൽ നം. 1146253/FIN)

ഉത്തരവിൻപ്രകാരം

അക്കൗണ്ട്സ് ഓഫീസർ

Scanned by CamScanner